(ഇ) എല്ലാ ജില്ലകളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ ക്രോഡീകരിച്ച് അതിർത്തി പുനർനിർണ്ണയത്തിനുള്ള ശുപാർശകൾ പോലീസ് ഡയറക്ടർ ജനറലിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്.

പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

53 [816] ശ്രീ. ആർ. ബാലകൃഷ്ണപിള്ള:
,, ജോണി നെല്ലൂർ:
,, ടി. എം. ജേക്കബ്:
,, കെ. ബി. ഗണേഷ് കുമാർ:
,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ സർക്കാർ അധികാരം ഏറ്റെടുത്ത ശേഷം എത്ര ഐ. പി. എസ്. ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റിയിട്ടുണ്ട്; അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) എസ്. പി., ഡിവൈ. എസ്. പി., സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നീ വിഭാഗങ്ങളിലായി എത്രയാളുകളെ വീതം സ്ഥലം മാറ്റിയിട്ടുണ്ട്; അവരുടെ പേരും മാറ്റി നിയമിച്ച സ്ഥലവും വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഒന്നിൽ കൂടുതൽ പ്രാവശ്യം സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥൻമാർ ആരെല്ലാം; അവരുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഇപ്പോഴത്തെ സർക്കാർ അധികാരം ഏറ്റെടുത്തശേഷം 55 ഐ.പി.എസ്. ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരുകൾ അനുബന്ധം I ൽ ചേർത്തിട്ടുണ്ട്.† ഇതിൽ ചിലർക്ക് ഉദ്യോഗക്കയറ്റത്തോടൊപ്പമുള്ള സ്ഥലംമാറ്റ നിയമനമാണ് നൽകിയിട്ടുള്ളത്.

(ബി) ഐ. പി. എസ്.-ലുള്ള എസ്. പി. തലത്തിൽപ്പെട്ട 27 ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റിയിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും, മാറ്റി നിയമിച്ച സ്ഥലങ്ങളും അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.† മറ്റുള്ളവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) ഒന്നിൽ കൂടുതൽ പ്രാവശ്യം സ്ഥലം മാറ്റപ്പെട്ട എസ്. പി. തലത്തിലുള്ള ഐ. പി. എസ്. ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. മറ്റുള്ളവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly